(എഫ്) കേരളത്തിൽ പ്രവർത്തിക്കുന്ന എച്ച്.എം.ടി. യുടെ ഏക യൂണിറ്റ് കേന്ദ്ര ഗവൺമെന്റ് ഉടമസ്ഥതയിലുള്ള ഏക എൻജിനീയറിംഗ് പൊതുമേഖലാ സ്ഥാപനവുമായ കളമശ്ശേരി എച്ച്.എം.ടി. യുടെ നിലനിൽപ്പിനും പുരോഗതിക്കും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇത്തരമൊരു നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

(സി) കമ്പനിക്കുവിട്ടുകൊടുത്തിട്ടുള്ള 100 ഏക്കർ ഭൂമി വിൽപ്പന നടത്തുന്നതിനും ഭൂമി വില കമ്പനിയുടെ അവശ്യ സാമ്പത്തിക ബാദ്ധ്യതകൾ തീർക്കാൻ ഉപയോഗിക്കുന്നതിനും നടപടി എടുത്തുവരുന്നതായി അറിയുന്നു.

(ഡി & ഇ) ഇക്കാര്യത്തിൽ വിശദമായ പരിശോധനയ്ക്കുശേഷമേ തീരുമാനമെടുക്കാൻ നിർവ്വാഹമുള്ളൂ.

(എഫ്) പ്രസ്തുത സ്ഥാപനത്തിന്റെ നിലനിൽപ്പിനും പുരോഗതിക്കും സംസ്ഥാന സർക്കാരിൽനിന്നും ലഭ്യമാക്കാൻ കഴിയുന്ന സഹായ സഹകരണങ്ങൾ അപ്പപ്പോഴായി നൽകിവരുന്നുണ്ട്.

കിൻഫ്രയുടെ അപ്പാരൽ പാർക്കുകൾ

18 (4178) ശ്രീമതി മേഴ്സി രവി :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. എ. കെ. മണി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിൻഫ്രയ്ക്ക് സംസ്ഥാനത്ത് എത്ര അപ്പാരൽ പാർക്കുകളുണ്ട് ;

(ബി) അവയിൽ ഇപ്പോൾ എത്ര യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട് ;

(സി) ഇപ്പോൾ അവിടെ ഒട്ടാകെ എത്ര പേർ ജോലി ചെയ്യുന്നുണ്ട് ;

(ഇ) അവിടത്തെ വാർഷിക ഉത്പാദനം എത്രയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കിൻഫ്രയ്ക്ക് ഇപ്പോൾ സംസ്ഥാനത്ത് തിരുവനന്തപുരത്ത് കഴക്കൂട്ടത്തിനടുത്ത് തുമ്പയിൽ ഒരു അപ്പാരൽ പാർക്കുണ്ട്.

(ബി & സി) ഇപ്പോൾ നാല് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. അവ താഴെ പറയുന്നവയാണ്.

1. ലീല ഇന്റർനാഷണൽ ലിമിറ്റഡ്–മൂന്ന് യൂണിറ്റുകൾ.
2. അനന്തപുരി അപ്പാരൽ സർവ്വീസ് പ്രൈവറ്റ് ലിമിറ്റഡ്–ഒരു യൂണിറ്റ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മുകളിൽ പറഞ്ഞ നാല് യൂണിറ്റുകളിലായി ഇപ്പോൾ ഉദ്ദേശം 800 ആളുകൾ ജോലി ചെയ്യുന്നുണ്ട്.

(ഇ) അപ്പാരൽ പാർക്കിലെ യൂണിറ്റുകളിലെ ഉത്പാദനം സംബന്ധിച്ച കണക്കുകൾ ശേഖരിക്കാറില്ല.

കിൻഫ്രയുടെ അപ്പാരൽ പാർക്കിലെ സൗകര്യങ്ങൾ

19 (4179) ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. എ. സുജനപാൽ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ലൂഡിഡുയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തുള്ള കിൻഫ്രയുടെ അപ്പാരൽ പാർക്കിൽ ഒട്ടാകെ എത്ര യൂണിറ്റുകൾ സ്ഥാപിക്കാനുള്ള സൗകര്യമുണ്ട് ;

(ബി) എത്ര ഘട്ടങ്ങളായാണ് ഇതിന്റെ പണി പൂർത്തിയാക്കുന്നത് ;

(സി) ഓരോ ഘട്ടത്തിന്റെയും പണി എന്നേക്ക് പൂർത്തിയാകും ;

(ഇ) ഓരോ ഘട്ടവും പൂർത്തിയാകുമ്പോൾ എത്ര പേർക്ക് കൂടുതലായി തൊഴിൽ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മുപ്പത്തിനാല് യൂണിറ്റുകൾ.

(ബി) രണ്ട് ഘട്ടങ്ങളിലായാണ് പണി പൂർത്തിയാക്കുന്നത് ;

(സി) ഒന്നാം ഘട്ടം അടിസ്ഥാന സൗകര്യ വികസനം പൂർത്തിയായി. രണ്ടാം ഘട്ടം രണ്ടായിരത്തിനാല് അവസാനത്തോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ഒന്നാം ഘട്ടത്തിൽ പതിനഞ്ചോളം യൂണിറ്റുകൾ സ്ഥാപിക്കാൻ സൗകര്യം തയ്യാറായിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ബാക്കി പതിനാൻപത് യൂണിറ്റുകൾക്കുള്ള സൗകര്യംകൂടി തയ്യാറാകും.

(ഇ) അപ്പാരൽ പാർക്കിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി കൊടുക്കുക മാത്രമാണ് കിൻഫ്ര ചെയ്യുന്നത്. സ്വകാര്യ സംരംഭകരാണ് ഇവിടെ വ്യവസായം തുടങ്ങുന്നത്. ആയതിനാൽ തൊഴിൽ സാദ്ധ്യത, പാർക്കിൽ തുടങ്ങുന്ന വ്യവസായങ്ങളുടെ രീതിയും സ്വഭാവവും അനുസരിച്ച് മാറാവുന്നതാണ്. എന്നിരുന്നാലും ഒന്നാം ഘട്ടത്തിൽ ഉദ്ദേശം ആറായിരം പേർക്കും രണ്ടാം ഘട്ടത്തിൽ ഉദ്ദേശം എണ്ണായിരം പേർക്കും തൊഴിൽ ലഭിക്കുവാൻ സാദ്ധ്യതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly